# വഴിയാത്ര

1. അർത്ഥം :

നാഴിക = സമയത്തിൻെറ അളവ് (24 മിനിറ്റ് ചേർന്നത്) /അവലംബം = ആശ്രയം

വാർന്നെടുക്കുക=മുറിച്ചെടുക്കുക /അത്താഴം = രാത്രി ഭക്ഷണം./ഉദ്ദിഷ്ടം =ഉദ്ദേശിച്ചത് /
ഔദാര്യം = ദാനശീലം, മഹത്ത്വം /പ്രതാപം = പ്രൗഢി /തദനുസരണം = അതനുസരിച്ച് /

തപാൽ= കത്തുകളും മറ്റും വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാട് /വാധ്യാർ =അദ്ധ്യാപകൻ /

ഗൃഹസ്ഥൻ= വീട്ടുകാരൻ /നവം = പുതിയ /പാടവം = സാമർത്ഥ്യം /പ്രതിദിനം=ദിനംതോറും

വ്യാജേന = നാട്യത്തിൽ

2. പര്യായപദങ്ങൾ :

യാത്ര: യാനം, ഗമനം/ ഉറക്കം: നിദ്ര, സുഷുപ്തി/ നിലാവ് : ചന്ദ്രിക, കൗമുദി/

ഭൂമി: ധര, ധരണി/ ദിവസം: ദിനം, വാസരം/ വയറ്: ഉദരം, കുക്ഷി/ ചോറ്: അന്നം, ഓദനം./

വിവാഹം: പരിണയം, വേളി

3. നാനാർത്ഥം :

ധരിക്കുക: അണിയുക, മനസ്സിലാക്കുക/ വർത്തമാനം: സംസാരം, വാർത്ത/ പ്രമാണം: രേഖ,

നിയമം./ ഭദ്രം: സുരക്ഷിതം, ഐശ്വര്യം/ സൂത്രം: ഉപായം, നൂൽ.

4. അർത്ഥവ്യത്യാസം :

1. ഗൃഹം = വീട് ഗ്രഹം= ഗോളം/ 2. ഗുണം = നന്മ ഗണം = കൂട്ടം/ 3. അംഗം = അവയവം

അങ്കം = യുദ്ധം/4. ഉദ്ദിഷ്ടം = ഉദ്ദേശിച്ചത്. ഉച്ഛിഷ്ടം = എച്ചിൽ/ പ്രമാണം = നിയമം.

പ്രണാമം = നമസ്കാരം

5. വിപരീതപദം :

പണ്ട് X ഇന്ന്/ നല്ല X ചീത്ത/ ദൂരെ X അരികെ/ ദൃഢം X ശിഥിലം./ അന്യം X സ്വന്തം/

ധനവാൻ X ദരിദ്രൻ/ പ്രസിദ്ധി X കുപ്രസിദ്ധി./ നവം X പുരാതനം./ ഗുണം X ദോഷം/

6. എതിർലിംഗം :

വിദ്വാൻ - വിദുഷി./ മന്ത്രവാദി - മന്ത്രവാദിനി/ രോഗി - രോഗിണി/ ചെട്ടിയാർ - ചെട്ടിച്ചി/

ഗൃഹസ്ഥൻ - ഗൃഹസ്ഥ.

7. പിരിച്ചെഴുതുക :

ചായക്കട =ചായ +കട / ഇടയ്ക്കെങ്ങും = ഇടയ്ക്ക് +എങ്ങും /ചെങ്കണ്ണ് =ചെം + കണ്ണ്

അക്കാലം =അ+കാലം / കൂടുന്തോറും= കൂടും +തോറും /അവരവർ = അവർ+ അവർ

പൊതിയഴിച്ച് =പൊതി+ അഴിച്ച് / പോരെങ്കിൽ = പോര + എങ്കിൽ

8. വിഗ്രഹിക്കുക :

ചെങ്കണ്ണ് = ചുവന്ന കണ്ണ്. /പൊതിച്ചോറ് = പൊതിഞ്ഞുകെട്ടിയ ചോറ്

ഗൃഹകൃത്യം = ഗൃഹത്തിലെ കൃത്യം / വഴിപോക്കർ = വഴിയെ പോകുന്നവർ

9. വാക്യത്തിൽ പ്രയോഗിക്കുക :

1. കണ്ണോടിക്കുക

പത്രത്തിലൂടെ കണ്ണോടിച്ച് ഞാൻ പ്രധാന സംഭവങ്ങൾ മനസ്സിലാക്കി.

2. വന്നു ചേരുക

സമ്പത്തു വന്നുചേർന്നപ്പോൾ സുഹൃത്തുക്കളും ധാരാളമുണ്ടായി.

3. തട്ടുക

മറ്റുള്ളവരെ വഞ്ചിച്ച് പണം തട്ടുന്നവർ തീർച്ചയായും ശിക്ഷിക്കപ്പെടണം.

10. ഉത്തരമെഴുതുക :

1. പണ്ടത്തെ വഴിയാത്ര എങ്ങനെയായിരുന്നു?

അത്താഴത്തിന് ഭാര്യ തയ്യാറാക്കിക്കൊടുക്കുന്ന പൊതിച്ചോറുമായി യാത്രക്കാരൻ രാത്രി നേരത്തെ യാത്രയാകും. പതിനഞ്ചു പതിനാറു നാഴിക ദൂരം ചെന്ന് വഴിയരികിലുള്ള ഏതെങ്കിലും ഒരു വീട്ടിൽ കയറി അവിടെയിരുന്ന് ഊണു കഴിച്ച് വീട്ടുകാരുടെ ഔദാര്യത്തിൽ കിടന്നുറങ്ങും. പിറ്റെ ദിവസം നേരം വെളുക്കുന്നതിനു മുമ്പ് വീണ്ടും യാത്ര തിരിക്കും. ഉദ്ദിഷ്ടസ്ഥലം പൊതിച്ചോറിൻെറ പരിധിക്കും അപ്പുറത്താണെങ്കിൽ അരിയും സാധനങ്ങളും കൂടെ കൊണ്ടു പോകുന്ന ഏർപ്പാടും ഉണ്ടായിരുന്നു. ഇങ്ങനെയായിരുന്നു പണ്ടത്തെ വഴിയാത്ര.

2. ഇന്നത്തെ യാത്രാരീതി എങ്ങനെ എന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്?

ഇന്നത്തെ യാത്രകളിൽ സൗഹൃദബന്ധങ്ങളോ ലോകപരിചയമോ ഇല്ല. ഹോട്ടലിൽ ചെന്ന് കാശിന് ചോറ് വാങ്ങിക്കഴിക്കുന്നു. വെളിയിൽ ആർക്കും ആരോടും യാതൊന്നും സംസാരിക്കുവാൻ സമയം ഇല്ല. കാര്യം സാധിച്ച് പിറ്റെ ദിവസം തിരിച്ചു വീട്ടിലേക്കും മടങ്ങുന്നു. ഇതാണ് ഇന്നത്തെ യാത്രാരീതി.

3. "ഒടുവിൽ കുടുംബത്തിന് പ്രസിദ്ധിയുണ്ടാക്കിയ ഗൃഹനാഥൻ ശ്മശാനഭൂമിയിലേക്കും പിന്തുടർച്ചക്കാർ തെരുവിലേക്കും ഒരുമിച്ച് യാത്രയാവുകയും ചെയ്യുന്നത് അസാധാരണമായിരുന്നില്ല." ഇങ്ങനെ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?

പണ്ടു കാലത്ത് വഴിയാത്രക്കാർക്ക് ചോറു കൊടുക്കുക എന്നത് ഗൃഹനാഥന്മാർക്ക് ഒരു അന്തസ്സായിരുന്നു. അവരുടെ പ്രസിദ്ധി അതിൻെറ ഏറ്റക്കുറച്ചിലനുസരിച്ച് പ്രചരിച്ചും വന്നിരുന്നു. പ്രസിദ്ധി കൂടുന്തോറും ഗൃഹസ്ഥൻെറ കടവും വർദ്ധിച്ചുവരുക നിശ്ചയമാണ്. ഒടുവിൽ കുടുംബത്തിന് പ്രസിദ്ധിയുണ്ടാക്കിയ ഗൃഹനാഥൻ ശ്മശാനഭൂമിയിലേക്കും പിന്തുടർച്ചക്കാർ തെരുവിലേക്കും ഒരുമിച്ച് യാത്രയാവുന്നത് പതിവായിരുന്നു.

4. പണ്ടത്തെ വഴിയാത്രകളും വിശ്രമങ്ങളും കൊണ്ടുണ്ടായിരുന്ന പ്രധാനപ്പെട്ട ഗുണങ്ങൾ എന്തെല്ലാം?

പണ്ടത്തെ പത്രങ്ങളായിരുന്നു വഴിയാത്രക്കാർ. പലപ്പോഴും വഴിയാത്രകളും വിശ്രമങ്ങളും വിവാഹബന്ധം ഉൾപ്പെടെ പല ബന്ധങ്ങൾക്കും കാരണമായിട്ടുണ്ട്. അത് ഒരാളുടെ ലോകപരിചയം വർദ്ധിപ്പിക്കുന്നതിനും സഹായിച്ചിരുന്നു

***